**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1380** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനങ്ങളുടെ രൂപാന്തരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എൻ. ശക്തൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** വാഹനങ്ങളുടെ മോഡിഫിക്കേഷനുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങളും നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമല്ലാത്ത രീതിയിൽ അനുവദനീയമായ വാഹന മോഡിഫിക്കേഷനുകൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി , 26.10.2021-ലെ സി1/280/2021-ടി.സി നമ്പർ ഉത്തരവ് പ്രകാരം, ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളിലെ മോഡിഫിക്കേഷനുകളുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ 19.09.2022-ലെ C1/280/2021-TC നമ്പർ കത്തിലൂടെ പുറപ്പെടുവിക്കുകയുണ്ടായി.

തുടർന്ന്, നിലവിലെ സർക്കാരിന്റെ നയപരമായ നിലപാടിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ സുരക്ഷയെ ബാധിക്കാതെയും കേന്ദ്ര മോട്ടോർ വാഹന നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമാകാതെയും കൂടുതൽ അനുവദനീയമാക്കാവുന്ന വാഹന മോഡിഫിക്കേഷനുകൾ ഏതൊക്കെയാണെന്ന് വിശദമായി പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി, മേൽപ്പറഞ്ഞ കമ്മിറ്റിയെ 24.06.2026-ലെ TC CAM/9/2026-ASST TC നമ്പർ കത്ത് പ്രകാരം പുനഃസംഘടിപ്പിക്കുകയുണ്ടായി.പുനഃസംഘടിപ്പിച്ച കമ്മിറ്റിയുടെ യോഗം 25.06.2026-ന് ചേരുകയും വിഷയം സമഗ്രമായി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതിലെ ശുപാർശകൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** സുരക്ഷാമാനദണ്ഡങ്ങളും ട്രാഫിക് നിയമങ്ങളും ലംഘിക്കുന്നതും പരിസ്ഥിതി സൗഹൃദമല്ലാത്തതുമായ വാഹന മോഡിഫിക്കേഷനുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സുരക്ഷാമാനദണ്ഡങ്ങളും ട്രാഫിക് നിയമങ്ങളും ലംഘിക്കുന്നതും പരിസ്ഥിതി സൗഹൃദമല്ലാത്തതുമായ വാഹന മോഡിഫിക്കേഷൻ സംബന്ധിച്ച നിയമലംഘനങ്ങൾ പരിശോധനാവേളയിൽ കണ്ടെത്തിയാൽ നിയമലംഘകർക്കെതിരെ കർശന നടപടികൾ

സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തു വരുന്നു. കൂടാതെ ഇത്തരം അനധികൃത മോഡിഫിക്കേഷൻ ഒഴിവാക്കിയതിനുശേഷമാണ് വാഹനങ്ങൾ ഉടമസ്ഥനു തിരികെ നൽകുന്നത്.

**സെക്ഷൻ ഓഫീസർ**